## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2355 18.02.2016 - ൽ മറുപടിയ്ക്ക്

## എമർജൻസി ആംബുലൻസ് സർവ്വീസ്

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു : | മറുപടി<br>ശ്രീ. വി. എസ് . ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) എമർജൻസി ആംബുലൻസ് സർവ്വീസ് എല്ലാ ജില്ലകളിലും ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കുമോ;<br>(ബി) പ്രസ്തുത പ്രഖ്യാപനം ഈ സർക്കാരിന്റെ ഏതെങ്കിലും ബജറ്റിൽ ആവർത്തിച്ചിരുന്നോ; എങ്കിൽ അതിനായി എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (എ)& (ബി)<br>ഈ സർക്കാർ അധികാരത്തിലെത്തിയപ്പോൾ തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് 25 ആംബുലൻസുകളുമായി പ്രസ്തുത സംവിധാനം സേവനം നൽകിയിരുന്നത്. 21.04.2012 ൽ 18 ആംബുലൻസുകളുമായി പ്രസ്തുത സേവനം ആലപ്പുഴ ജില്ലയിലേക്ക് വ്യാപിപ്പിക്കുകയുണ്ടായി.<br><br>2012-13 ബഡ്ജറ്റിൽ '108' ആംബുലൻസ് സംവിധാനം കേരളത്തിലാകെ വ്യാപിപ്പിക്കുവാനായി 40 കോടി രൂപ വകയിരുത്തിയിരുന്നു. അതിൻപ്രകാരം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും ഈ സർവ്വീസ് വ്യാപിപ്പിക്കുവാനായി നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ